പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 4033

18/10/2011-ൽ മറുപടി നല്കേണ്ടത്

സർക്കാർ ഭൂമി കയ്യേറി നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ സംരക്ഷിത മേഖലയും വിനോദസഞ്ചാര കേന്ദ്രവുമായ അഞ്ചുരുളിയിൽ സ്വകാര്യവ്യക്തി സർക്കാർ ഭൂമി കയ്യേറി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) സർക്കാർ ഭൂമി കയ്യേറി ഒരാഴ്ചയായി നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനായി റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) സർക്കാർ ഭൂമിയിലെ അനധികൃത പ്രവർത്തനങ്ങൾക്കെതിരെ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ 28/06/2011ന് സ്റ്റോപ്പ് മെമ്മോ നല്കിയിട്ടുള്ളതാണ്. എന്നാൽ ബന്ധപ്പെട്ട കക്ഷി ബഹു: കട്ടപ്പന മുൻസിഫ് കോടതിയെ സമീപിക്കുകയും ഒ.എസ്. 179/2011 ഉത്തരവ് പ്രകാരം ബഹു: കോടതി ഒഴിപ്പിക്കൽ നടപടികൾ താല്ക്കാലികമായി സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. കോടതിയുടെ സ്റ്റേ ഉത്തരവ് പിൻവലിക്കുന്നത് വരെ റവന്യൂ അധികാരികൾക്ക് ഒഴിപ്പിക്കൽ നടപടി തുടരുന്നതിന് നിർവാഹമില്ലാത്തതാണ്. സ്റ്റേ ഉത്തരവ് നീക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) നിർമ്മാണ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ ? | (സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കാത്തതായി നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപ്രകാരം ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ